പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2006

5/10/2016-ലെ മറുപടിയ്ക്ക്

## ശരണ്യ സ്വയം തൊഴിൽ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. രാജൻ | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ള ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (എ) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, ഭർത്താവ് ശയ്യാവലംബനം, നിത്യരോഗിയുമാകുകയോ, വിവാഹബന്ധം വേർപെടുത്തുകയോ ചെയ്യുന്നതോടുകൂടി മക്കളേയും വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ടി വരുന്ന അശരണരും, സാമ്പത്തികവും, സാമൂഹികപരവുമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്കും 30 വയസ്സ് കഴിഞ്ഞ അവിവാഹിതകളായ വനിതകൾക്കും, പട്ടിക വർഗ്ഗത്തിലെ അവിവാഹിതകളായ അമ്മമാർക്കും, അംഗപരിമിതരായ വനിതകൾക്കും സ്വയം തൊഴിലിലൂടെ ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് ശരണ്യപദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും, തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. |
| ബി) തൃശ്ശൂർ ജില്ലയിൽ ഈ പദ്ധതി പ്രകാരം എത്ര യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | ബി) തൃശ്ശൂർ ജില്ലയിൽ ശരണ്യ സ്വയംതൊഴിൽ പദ്ധതി പ്രകാരം 780 സ്വയം തൊഴിൽ യൂണിറ്റുകൾ വിജയകരമായി പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ